പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5523

01.07.2019 - ൽ മറുപടിക്ക്

## തൃശ്ശൂർ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ജനറൽ ആഫീസ് നവീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അനിൽ അക്കര | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും<br>ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | തൃശ്ശൂർ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ജനറൽ ആഫീസ് നവീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ചെലവ് അടക്കമുള്ള വിശദാംശങ്ങൾ നൽകുമോ; | എ) | ജില്ലയിലെ സഹകരണ സംഘം പ്രതിനിധികളുടെയും പ്രമുഖസഹകാരികളുടേയും യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആഫീസ് ആധുനിക വൽക്കരണത്തിന് തീരുമാനം എടുത്തിരുന്നു. പ്രമുഖ സഹകാരികളും, സഹകരണ സംഘം പ്രതിനിധികളും, സഹകരണ സംഘം ജീവനക്കാരുടെ പ്രതിനിധികളും, വകുപ്പ് ജീവനക്കാരുടെ പ്രതിനിധികളും അടങ്ങിയ കോർഡിനേഷൻ കമ്മിറ്റിയും ഫിനാൻസ്, മോണിറ്ററിംഗ്, ഇൻഫ്രാസ്ട്രക്ചർ, ഇൻഫർമേഷൻ ടെക്നോളജി, ആഡിറ്റ് എന്നീ ഉപസമിതികളുമാണ് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചത്. ജില്ലയിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ അസോസിയേഷൻ പ്രസിഡന്റാണ് കോർഡിനേഷൻ കമ്മിറ്റിയുടെ ചെയർമാൻ. ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) സമിതിയുടെ കൺവീനറാണ്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായ സർക്കാർ എക്രഡിറ്റഡ് ഏജൻസിയായ, നിർമ്മിതി കേന്ദ്രയാണ് നിർമ്മാണ പ്രവർത്തനം നടത്തിയിട്ടുള്ളത്. നാഷണൽ ഇൻഫർമാറ്റിക് സെൻറർ ജില്ലാ ഓഫീസിന്റെ സാങ്കേതിക സഹായത്തോടെയാണ് കമ്പ്യൂട്ടർ, യു.പി.എസ്, അനുബന്ധ ഉപകരണങ്ങൾ എന്നിവ കോർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ വാങ്ങിയിട്ടുള്ളത്. കോർഡിനേഷൻ കമ്മിറ്റിയാണ് ഇതു സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുന്നത്. നിർമ്മിതി കേന്ദ്രയ്ക്ക് 74,70,000/- രൂപയും കമ്പ്യൂട്ടർ യു.പി.എസ്, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയ്ക്ക് 13,78,110/- രൂപയും ഉദ്ഘാടനം, ഓഫീസ് ഷിഫ്റ്റിങ്ങ് എന്നീ ഇനങ്ങളിൽ 3,91,883/- രൂപയും ചെലവ് വന്നിട്ടുണ്ട്. ഈ ആവശ്യത്തിലേയ്ക്ക് സഹകരണ സംഘങ്ങളിൽ നിന്നും 1,05,66,001/- രൂപ ഫണ്ട് ലഭിച്ചിട്ടുണ്ട്. ചെലവുകൾ കഴിച്ച് ബാക്കി തുക കോർഡിനേഷൻ കമ്മിറ്റിയുടെ പേരിൽ തൃശ്ശൂർ ജില്ല സഹകരണ ബാങ്കിലുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. കണക്കുകൾ പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കി തുക അതാത് സർക്കിൾ സഹകരണ യൂണിയനുകൾക്ക് ആനുപാതികമായി തിരികെ നൽകുന്നതിന് കോർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ആഫീസ് നവീകരണത്തിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ബി) | സഹകരണ സംഘം രജിസ്ട്രാർ അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.. |
| സി) | ആഫീസ് നവീകരണത്തിന് സഹകരണ സ്ഥാപനങ്ങളിൽ നിന്ന് പണപ്പിരിവ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | സി) | ഉണ്ട്. ജില്ലയിലെ താലൂക്ക് സർക്കിൾ യൂണിയനുകളുടെ നേതൃത്വത്തിലാണ് പ്രവർത്തനത്തിനാവശ്യമായ ഫണ്ട് സ്വരൂപിച്ചിട്ടുള്ളത്. മേൽ പ്രവർത്തികൾക്കാവശ്യമായ 1,05,66,001/- രൂപ ഫണ്ടിനത്തിൽ സഹകരണ സംഘങ്ങളിൽ നിന്നും സ്വരൂപിച്ചിട്ടുണ്ട്. |
| ഡി) | ആഫീസ് നവീകരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പരാതിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | | ഉണ്ട്. തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ് നവീകരണവുമായി ബന്ധപ്പെട്ട് ഒരു സഹകരണ സംഘത്തിലെ മെമ്പർ നൽകിയ പരാതിയിൽ തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ), സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ ടി കാലയളവിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) ഇൻചാർജ്ജ്, തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ പ്രസ്തുത കാലയളവിൽ ചുമതല അനുഷ്ഠിച്ചിരുന്ന ഡെപ്യൂട്ടി രജിസ്ട്രാർമാർ എന്നിവരെ എതിർ കക്ഷികളാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സഹകരണ വകുപ്പ് സെക്രട്ടറി എന്നിവർക്ക് പരാതി സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത പരാതിയിന്മേൽ സഹകരണ വിജിലൻസ് ആഫീസിലെ ജോയിന്റ് രജിസ്ട്രാർ (വിജിലൻസ്) അന്വേഷണം നടത്തി സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും ആയതിൽ നടപടി തുടർന്ന് വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

(79)

നമ്പർ ജി. (4)12269/18

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി 08.06.2018

സഹകരണ സംഘം രജിസ്ട്രാർ,
തിരുവനന്തപുരം.

ജോയിന്റ് രജിട്രാർ(ജനറൽ)
തൃശ്ശൂർ

സർ,

വിഷയം – സഹകരണ വകുപ്പ് – തൃശ്ശൂർ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ് ആധുനികവൽക്കരണം – അനുമതി ലഭിക്കുന്നത്

സൂചന – 1. താങ്കളുടെ 21.05.18 ലെ എസ്. ടി. 8096/17 നമ്പർ കത്ത്
2.സർക്കുലർ നമ്പർ 26/2009 , തീയതി 23.05.2009

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. തൃശ്ശൂർ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ് ആധുനീകവൽക്കരിക്കുന്നതിനു വേണ്ടി ചുവടെ പറയുന്ന വ്യവസ്ഥകൾ പാലിക്കണമെന്ന നിബന്ധനയോടെ സൂചന (2) ന്റെ മാതൃകയിൽ അനുമതി നൽകുന്നു.

1. തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ ആഫീസിന്റെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് സുഗമവും, സുതാര്യവും , കാര്യക്ഷമവുമായ നടത്തിപ്പിന് ഒരു കോർഡിനേഷൻ കമ്മിറ്റിയും, ഫിനാൻസ്, മോണിറ്ററിംങ്ങ് , ഇൻഫ്രാസ്ട്രക്ച്ചർ, ഇൻഫർമേഷൻ ടെക്നോളജി, ആഡിറ്റ് എന്നീ 5 ഉപസമിതികളും രൂപീകരിച്ചു വേണം ടി പ്രവർത്തികൾ നടത്തേണ്ടത്.
2. തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ ആഫീസിന്റെ ആധുനീകവൽക്കരണവുമായി ബന്ധപ്പെട്ട മേൽനോട്ടം വഹിക്കുന്നതിനായി ജില്ലയിലെ വിവിധ സഹകരണ സംഘങ്ങളുടെ പ്രതിനിധികളും സർക്കിൾ സഹകരണ യൂണിയൻ ഭാരവാഹികളും ഉൾപ്പെടുന്ന ഒരു മേൽനോട്ട കമ്മറ്റി രൂപീകരിക്കേണ്ടതും, ടി കമ്മറ്റിയുടെ പൂർണ്ണനിയന്ത്രണത്തിലും മേൽനോട്ടത്തിലുമായിരിക്കണം ഈ പ്രവർത്തികൾ നടത്തേണ്ടത്
3. മേൽ പ്രവർത്തികൾക്ക് ആവശ്യമായി വരുന്ന ഫണ്ട് തൃശ്ശൂർ ജില്ലയിലെ താലൂക്ക് സർക്കിൾ യൂണിയനുകൾ വഴി ബന്ധപ്പെട്ട താലൂക്കിലെ സഹകരണ സംഘങ്ങളുടെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് കണ്ടെത്തേണ്ടതാണ്.

4. സംഭാവന സ്വീകരിക്കുന്നതിന് വ്യക്തമായ രസീത് നൽകേണ്ടതാണ്. ടി രസീത് അസ്സലും, പകർപ്പുകളും ഉണ്ടായിരിക്കേണ്ടതും ആയതിൽ അസ്സൽ സംഭാവന നൽകുന്ന സംഘത്തിനും, പകർപ്പുകളിൽ ഒന്ന് ബന്ധപ്പെട്ട സർക്കിൾ സഹകരണ യൂണിയനിലും ഒരു പകർപ്പ് കോഓർഡിനേഷൻ കമ്മറ്റിയും സൂക്ഷിക്കേണ്ടതാണ്.

5. ആധുനീകവൽക്കരണ പ്രവർത്തികളുടെ പുരോഗതി മാസത്തിലൊരിക്കൽ വിലയിരുത്തേണ്ടതും ആയതിന്റെ റിപ്പോർട്ട് ഈ ആഫീസിലേക്ക് സമർപ്പിക്കേണ്ടതാണ്

6. ആധുനീകവൽക്കരണ പ്രവർത്തികളുടെ കണക്കുകൾ ജോയിന്റ് ഡയറക്ടർ ആഡിറ്റ് 3 മാസത്തിലൊരിക്കൽ പരിശോധിച്ച് ഈആഫീസിലേക്ക് സമർപ്പിക്കേണ്ടതും , പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് കണക്കുകളുടെ ആഡിറ്റ് പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

7. പ്രവർത്തികൾ മോണിറ്റർ ചെയ്യുന്നതിന് സാങ്കേതിക പരിഞ്ജാനമുള്ള സഹകാരികൾ തങ്ങളുടെ സേവനം പ്രതിഫലം ഇല്ലാതെ ചെയ്യേണ്ടതും പിരിച്ചു കിട്ടുന്ന തുക സമാഹരിക്കുന്നതിന് തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്.

8. ചെക്ക്, NEFT, RTGS വഴി മാത്രമെ പണം സ്വീകരിക്കുവാൻ പാടുള്ളൂ.

ഉത്തരവ് ലഭിക്കുന്ന മുറക്ക് മേൽ സൂചിപ്പിച്ചിട്ടുള്ള കമ്മറ്റികൾ രൂപീകരിച്ച് ആയതിന്റെ മിനുട്ട്സ് ഈ ആഫീസിലേക്ക് സമർപ്പിക്കേണ്ടതാണ്. ടി വിഷയങ്ങളിൽ ന്യൂനത വരാതെ നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്വം തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) നായിരിക്കും

ഒപ്പ്
സഹകരണ സംഘം രജിസ്ട്രാർ

//ആഞ്ജാനുസരണം//

അഡീഷണൽ രജിസ്ട്രാർ (ജനറൽ) (I/C)

സെക്ഷൻ ഓഫീസർ